**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ **179** **11.06.2018-** ൽ മറുപടിയ്ക്ക്

# എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം

<u>ചോദ്യം</u>

ശ്രീ. കെ.കുഞ്ഞിരാമൻ
ശ്രീ.സി.കൃഷ്ണൻ
ശ്രീ.ജോൺ ഫെർണാണ്ടസ്.
ശ്രീ.എം.രാജഗോപാലൻ.

<u>മറുപടി</u>

പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | പദ്ധതിയ്ക്കായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാരും കീടനാശിനി നിർമ്മാണ കമ്പനിയും ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട്; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012 -ൽ കേന്ദ്ര ധന സഹായത്തിനായി സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി അനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17.02.2018- |

| | | | |
|---|---|---|---|
| | | | ൽ വീണ്ടും ബഹു. പ്രധാന മന്ത്രിയ്ക്ക് കത്തയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ, ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു.സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം നഷ്ടപരിഹാരം നൽകുന്നതു വഴി സംസ്ഥാനത്തിനു 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും, അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2012 മുതൽ NHM ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചുനൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കീടനാശിനി നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. |
| (സി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കുന്നതിനും സൗജന്യ ചികിത്സയും പെൻഷനും റേഷനും ഉൾപ്പെടെ നൽകുന്നതിനും വേണ്ടി നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | വിശദവിവരം അനുബന്ധം (II) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

എൻഡോസൾഫാൻ ദുരിതബാധിതരായവർക്കും ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കും പ്രത്യേക ധനസഹായം അനുവദിക്കുന്നതിന് ദേശീയ മനുഷ്യാവാകാശ കമ്മീഷൻ 31.12.2010-ൽ ശുപാർശ ചെയ്തു പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, എൻഡോസൾഫാൻ ദുരിതം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപയും, ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപയും, ഗഡുക്കളായി നൽകുന്നതിന് സർക്കാർ ഉത്തരവായിരുന്നു.. (അഞ്ച് ലക്ഷം രൂപ ഒന്നര ലക്ഷം രൂപ വീതമുള്ള രണ്ട് ഗഡുക്കളും അവസാനഗഡുവായി 2 ലക്ഷം രൂപയും ആയി നൽകാനും മൂന്ന് ലക്ഷം ഒരു ലക്ഷം രൂപ വീതമുള്ള മൂന്ന് ഗഡുക്കളായി നൽകുന്നതിനും) ആയതു പ്രകാരം മേൽ കാറ്റഗറിയിൽ പെട്ട 3525 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

വിശദവിവരം താഴെക്കൊടുക്കുന്നു

| | | |
|---|---|---|
| 1 | പൂർണ്ണമായും കിടപ്പിലായവർ | 258 |
| 2 | ബുദ്ധിമാന്ദ്യം സംഭവിച്ചവർ | 1162 |
| 3 | ശാരീരികവൈകല്യമുള്ളവർ | 967 |
| 4 | ക്യാൻസർ രോഗികൾ | 437 |
| 5 | ദുരിതബാധിരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 701 |
| | ആകെ | 3525 |

എൻഡോസൾഫാൻ ദുരിതബാധിതർക്ക് ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു 'റിഹാബിലിറ്റേഷൻ വില്ലേജ്' കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ധ ആരോഗ്യപരിപാലനം, ഷോർട്ട് സ്റ്റേ, മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിൽ ഉള്ളത്. മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റിഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും കൈവശാവകാശവും നൽകി സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 25 കോടി എസ്റ്റിമേറ്റുള്ള പ്രസ്തുത പുനരധിവാസഗ്രാമത്തിന്റെ രൂപകൽപ്പന കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ ഒപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

അനുബന്ധം 11

## എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടത്തിവരുന്ന ആശ്വാസപ്രവർത്തനങ്ങൾ

ചികിത്സാ സേവനങ്ങൾ .

I. സൗജന്യ സ്പെഷ്യലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

കാസറഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിലായി ദുരിതബാധിതർക്ക് സൗജന്യ സ്പെഷലിസ്റ്റ് & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കി വരുന്നു. രോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനായി കേരളത്തിലും കർണ്ണാടകയിലുമായി 17
ആശുപത്രികൾ എം പാനൽ ചെയ്യപ്പെട്ടിട്ടുണ്ട്.

### എംപാനൽഡ് ആശുപത്രികൾ

- യെനപ്പോയ മെഡിക്കൽ കോളേജ് ആശുപത്രി, മംഗലാപുരം
- പരിയാരം മെഡിക്കൽ കോളേജ് ആശുപത്രി, കണ്ണൂർ
- കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി
- ശ്രീസയൻസ് ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ .. തിരുവനന്തപുരം
- റീജിയണൽ ക്യാൻസർ സെൻറർ , തിരുവനന്തപുരം
- മലബാർ ക്യാൻസർ സെൻറർ, തലശ്ശേരി
- ICCONS ഷൊർണ്ണൂർ
- W & C ആശുപത്രി , മാങ്ങാട്ടുപറമ്പ്
- ജനറൽ ആശുപത്രി, കാസറഗോഡ്
- ജനറൽ ആശുപത്രി, തലശ്ശേരി
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- ജില്ലാ ആശുപത്രി, കണ്ണൂർ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി,മണിപ്പാൽ
- കസ്തൂർബ മെഡിക്കൽ കോളേജ് ആശുപത്രി ,മംഗലാപുരം
- ലിറ്റിൽ ഫ്ലവർ കണ്ണാശുപത്രി ,അങ്കമാലി
- ഗവ ആയുർവേദ ആശുപത്രി.
- ഗവ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രി ,കോഴിക്കോട്

### II.മൊബൈൽ മെഡിക്കൽ യൂണിറ്റ്

- കിടപ്പിലായ രോഗികൾക്ക് വീട്ടിലെത്തി ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ യൂണിറ്റ് പ്രവർത്തിക്കുന്നു.
- ആവശ്യമായ വീടുകളിൽ ചെന്ന് സാന്ത്വന ചികിത്സ നൽകുന്നതിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റാഫ് നേഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

### III.ഡയാലിസിസ് യൂണിറ്റ്

വൃക്ക രോഗബാധിതരിൽ ഹീമോ ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികൾക്ക് അതിൻെറ സൗകര്യം ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയുടെ

ഭാഗമായി കാസറഗോഡ് ജനറൽ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിനായി 8 ഡയാലിസിസ് മെഷിനുകൾ സജ്ജീകരിച്ചിട്ടുണ്ട്.

IV. ദുരിതബാധിതർക്ക് യാത്രാസൌകര്യം

ദുരിതബാധിതരെ ചികിത്സക്കായി ആശുപത്രികളിൽ എത്തിക്കുന്നതിനായി ജില്ലയിലെ 11 പഞ്ചായത്തുകളിലും വാഹന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

V. ഫിസിയോതെറാപ്പി സേവനം

ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലെ സി എച്ച് സി , പി എച്ച് സി കളിൽ ഫിസിയോ തെറാപ്പിസ്റ്റ്മാരെ നിയമിച്ചിട്ടുണ്ട്. കിടപ്പിലായ രോഗികളുടെ വീടുകളിൽ പോയി ഗുണഭോക്താക്കൾക്ക് സൌജന്യ സേവനം നൽകി വരുന്നു. ജില്ല ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ സുസജ്ജമായ ഫിസിയോ തെറാപ്പി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

VI. പീഡിയാട്രിക് ഐ -യു.സി.

നബാർഡ് RIDF പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ആശുപത്രികളിൽ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു വരുന്നു .

ഡെത്ത് ഓഡിറ്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള ധനസഹായം

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാതെ മരണപ്പെട്ടവരും എന്നാൽ എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയിട്ടുള്ളവരുമായവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള പ്രത്യേക ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

VII. ദുരിബാധിതരുടെ കടബാധ്യതകൾ

ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി മാനദണ്ഡങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് സ.ഉ (സാധാ) നം. 298/2014 തീയതി 10.10.2014 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50000 രൂപ വരെയുള്ള 1.10 കോടി രൂപയുടെ ലോണുകൾ ഇതിനകം എഴുതിത്തള്ളിയിട്ടുണ്ട്. 50000 മുതൽ 3 ലക്ഷം വരെയുള്ള

കടബാധ്യതകൾ എഴുതിത്തള്ളുന്നതിലേക്കായി 7.6 കോടി രൂപ അനുവദിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്.

## VIII. NABARD-RIDF ENDOSULFAN PACKAGE

കാസറഗോഡ് ജില്ലയിലെ സാമൂഹ്യസേവന മേഖലയിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനായി 233 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അംഗൺവാടികൾ, സ്കൂൾ കെട്ടിടങ്ങൾ , ആശുപത്രികൾ, ജലവിതരണ പദ്ധതികൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിനായി ,സർക്കാർ ഇതിനകം 112 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ഇതിൽ 197 പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

## IX.ബഡ്സ് .സ്കൂളുകൾ (സ്പെഷ്യൽ)

മാനസിക വൈകല്യമുള്ള ദുരിതബാധിതരെ പരിപാലിക്കുന്നതിനായി 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂളുകൾക്ക് വാഹന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നബാർഡ് ആർ ഐ ഡി എഫ് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി 9 ബഡ്സ് സ്കൂളുകളുടെ പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണ്. നിലവിലുള്ള 7 ബഡ്സ് സ്കൂളുകൾക്ക് മലയാള മനോരമ സ്നേഹനിധി ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ അനുവദിച്ച് നൽകയിട്ടുണ്ട്. നബാർഡ് ആർ ഐ ഡി എഫ് എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തിട്ടുള്ള പെരിയ ബഡ്സ് സ്കൂൾ ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെൻററായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### മറ്റ് ആശ്വാസനടപടികൾ

**a) പ്രതിമാസ പെൻഷൻ :**

എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടവർക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 1200 , 2200 രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

b) സ്പെഷൽ ആശ്വാസകിരണം പദ്ധതി:

എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്കുന്നവർക്ക് സ്പെഷൽ ആശ്വാസകിരൺ പദ്ധതി മുഖേന പ്രതിമാസം 700 രൂപ അനുവദിച്ച് നൽകുന്നുണ്ട്.

C) വിദ്യാഭ്യാസ സ്കോളർഷിപ്പ് :

എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12 മുതൽ പ്രത്യേക വിദ്യാഭ്യാസ സഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

ബഡ്സ് സ്കൂൾ- 2000 രൂപ
ഒന്ന് മുതൽ ഏഴു വരെ -2000 രൂപ
എട്ട് മുതൽ പത്ത് വരെ -3000 രൂപ
പതിനൊന്ന് , പന്ത്രണ്ട് വരെ-4000 രൂപ

<u>സാഫല്യംഭവനപദ്ധതി :</u>

ബഹു: മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കരുതൽ-2015 ൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ,സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടു കൂടി സാഫല്യം എന്ന പേരിൽ ഭവനപദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു .ആയതിന്റെ, ഭാഗമായി തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സത്യസായി ട്രസ്റ്റ് സ്വന്തം നിലയിൽ എൻഡോസൾഫാൻ ദുരിതബാധിതരിൽ ഭൂരഹിതരും ,നിർധനരുമായവർക്ക് പുല്ലൂർ, എൺമകജെ , പരപ്പ എന്നിവിടങ്ങളിൽ സൌജന്യമായി 108 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് തയ്യാറാവുകയും ചെയ്തിട്ടുണ്ട്.പുല്ലൂർ പെരിയ പഞ്ചാത്തിൽ സായ് ട്രസ്റ്റ് 36 വീടുകൾ അർഹരായ ദുരിതബാധിതർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**റേഷൻ**

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ബി.പി.എൽ/എ.പി.എൽ പട്ടികയ്ക്ക് പകരമായി നിലവിലുള്ള മുൻഗണനാ/മുൻഗണനേതര വിഭാഗത്തെ കണ്ടെത്തുന്നതിനായി പരിഷ്കരിച്ച മാനദണ്ഡ പ്രകാരം എൻഡോസൾഫാൻ ബാധിതർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ആയത് പ്രകാരമുള്ള റേഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Subject: "**REQUEST FOR TREATMENT HELP**
To: "min.hlth@kerala.gov.in" <min.hlth@kerala.gov.in>

Date: 07/06/18 11:10 PM
From: MANOJ KUMAR <mkumarmanoj@hotmail.com>

---

AVANI MED. REPORT.jpg (67kB)

---

To
Smt. Shailaja Teacher
Health Minister of Kerala
Thiruvanthapuram - 695 001

Respected Minister,

Myself Surendran residing at Kechery in Thrissur Dist. I am writing this letter to you to find a help to save my daughter. She was admitted to Amrita hospital Ventilator past 5 days due to continuous seizures and alerted sensorium, and doctors diagnosed as "Meningoencephalitis – Viral.

She was admitted to Amala Hospital initially for the same, but doctors were not able to diagnosis and advised to take Amrita. I am a farmer belongs to a very poor family, the cost of the treatment is much more than I can afford, and I borrowed the maximum I can past 5 days.

Doctors say it is a very rare disease and treatment is very costly, I am humbly requesting you to grant me a help to save my daughter.

Attached here with the medical report, awaiting for a positive response.

Yours faithfully,

Surendran P.B
Kechery – Thrissur.
9847253871 / 7025320444

—AVANI MED. REPORT.jpg——

AMRITA
VISHWA VIDYAPEETHAM
[illegible]
**Amrita Institute of Medical Sciences**
Healthcare, Education & Research

**DR. VINAYAN KOLLENCHERI PUTHENVEETTIL MD, DCH, DNB, DM**

Professor & Head
Division of Pediatric Neurology,
Department of Neurology,
Amrita Institute of Medical Sciences
Ponekkara,
Kochi, Kerala – 682041
Mobile: 9447800303
Tel: +91 484 2530848
Fax 91 484 2802020
E-mail: vinayanko@aims.amrita.edu

---

07/06/2018

**TO WHOMSOEVER IT MAY CONCERN**

Respected Sir/Madam,

This is regarding Ayani Surendran , Mrd No:- 1972960 presented with continuous seizures and altered sensorium. She was brought on Ventilator . She is on Continous EEG monitoring. She is diagnosed to have Meningoencephalitis : Viral/Autoimmune. She is on Multiple AEDs , IVIG and steroids. She is on Critical care support including continuous EEG monitoring. She would require prolonged hospital stay.

Regards
Dr Vinayan K.P

DR. VINAYAN K. P. MD DCH DNB DM
Reg. No. 25118
Professor [illegible]
Department of Neurology
Amrita Institute of Medical Sciences
[illegible]